
# കണക്കറിയാത്ത മണ്ടനും അതിബുദ്ധിയുള്ള അപ്പനും



ഡോ. ജസ്റ്റിൻ തോമസ്



**അ**മ്മയും അപ്പനും ഉയർന്ന ജോലി ചെയ്യുന്നവർ. അപ്പൻ മെഡിക്കൽ ഫീൽഡിലാണ്. രണ്ടു മക്കൾ. അപ്പന്റെ അഭിപ്രായത്തിൽ മൂത്തവൻ മണ്ടനാണ്. ഇളയവനു കണക്കറിയാം. അതിനാൽ അവൻ മിടുക്കനാണ്. ഈ അപ്പൻ മറ്റൊന്നു കൂടി കണ്ടെത്തി. മൂത്തവൻ ഭാര്യയുടെ കുട്ടിയാണ്. കാരണം, കണക്കറിയില്ല. ഇളയവൻ ഇദ്ദേഹത്തിന്റേതാണ്. കാരണം കണക്കറിയാം! മൂത്തവനെ ലാളിക്കില്ല. മടിയിൽ ഇരുത്തില്ല. കാരണം, അവൻ മണ്ടനാണ്. മെഡിക്കൽഫീൽഡിൽ ഉയർന്ന ഡിഗ്രിയും ഉദ്യോഗവുമുള്ള തന്റെ ഭർത്താവിന് ചെറിയ ഒരു വലിയ പ്രശ്നമുണ്ടെന്നു ഭാര്യയ്ക്കറിയാം. അത് അവർ പുറത്തുപറഞ്ഞാൽ ഭർത്താവ് ഇവരെ വീട്ടിൽനിന്നു പുറത്താക്കും. അതിനാൽ, അവർ മകനെ കണക്കു പഠിപ്പിക്കാനായി പഠിച്ച പണി പതിനെട്ടും നോക്കുന്നു. അങ്ങനെ ഇവർ കൗൺസലിങ്ങിനായി എന്റെയടുക്കൽ എത്തി.

മകന്റെ പ്രശ്നം ഡിസ്കാൽക്കുലിയ. തലച്ചോറിന്റെ ചില പ്രത്യേകതകളുടെ ഫലമായി (ജന്മനാ ഉള്ളതോ, സാഹചര്യവശാൽ ഉണ്ടായതോ ആയവ) ഗണിതശാസ്ത്രം മനസ്സിലാക്കാനുള്ള ബുദ്ധിമുട്ടാണ് ഡിസ്കാൽക്കുലിയ. അപ്പൻ നാർസിസ്റ്റ് വ്യക്തിത്വത്തിന്റെ ലക്ഷണങ്ങൾ കാണിക്കുന്നുമുണ്ട്. അവനവന്റെ കഴിവിൽ മതിമറന്ന് മറ്റുള്ളവരെ അടച്ചാക്ഷേപിക്കുന്ന ഒരു തരം വ്യക്തിത്വവൈകല്യമാണിത്. അമ്മ മാനസികാരോഗ്യമുള്ള വ്യക്തിയാകയാൽ മകനിൽ കൗൺസലിങ്ങും പഠനവൈകല്യത്തെ മറികടക്കാനുള്ള വിദ്യകളും ഫലിച്ചു. അവൻ അവരുടെ നാട്ടിലെ അഞ്ചാം ഗ്രേഡ് നല്ല മാർക്കോടെ വിജയിച്ചു. താൻ എല്ലാം തികഞ്ഞവനാണെന്നും മെഡിക്കൽ ഫീൽഡിൽ താൻ അതിബുദ്ധിമാനാണെന്നും അപ്പൻ കരുതുന്നതിനാൽ അദ്ദേഹത്തിന്റെ പ്രശ്നം ഇപ്പോഴും തുടരുന്നു. കുറുന്തോട്ടിക്കു വാതം വന്ന അവസ്ഥ! മകന്റെ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കപ്പെട്ടതിനാൽ ഇദ്ദേഹത്തിന്റെ ഭാര്യ കുറച്ചുകൂടി ധൈര്യശാലിയായി. അതിനാൽത്തന്നെ ഭർത്താവ് ഇപ്പോൾ അതിരുവിട്ട പെരുമാറ്റങ്ങൾ വളരെ കുറച്ചിരിക്കുന്നു. ഈ ലേഖനത്തിൽ ഇന്നു നാം ചർച്ച ചെയ്യുന്നത് പഠനവൈകല്യങ്ങളെക്കുറിച്ചാണ്.

## എന്താണ് പഠനവൈകല്യം?

തലച്ചോറിന്റെ ചില പ്രത്യേകകളാൽ (വൈകല്യങ്ങളാൽ) പഠനമികവോടെ ബൗദ്ധികവിജ്ഞാനം നേടാൻ കഴിയാതെവരുന്ന അവസ്ഥയാണ് പഠനവൈകല്യം. വായിക്കാനുള്ള ബുദ്ധിമുട്ട്, എഴുതാനുള്ള ബുദ്ധിമുട്ട്, ഗണിതശാസ്ത്രസംബന്ധികളായ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ബുദ്ധിമുട്ട്, ശരിയായ ശരീരഭാഷ പഠിച്ചെടുക്കാനുള്ള ബുദ്ധിമുട്ട് എന്നിവയെല്ലാം പൊതുവായി പഠനവൈകല്യങ്ങളുടെ ഗണത്തിൽപ്പെടുന്നു.

തലച്ചോറിന്റെ ജന്മനായുള്ള പ്രത്യേകതകൾ, ഗർഭപാത്രത്തിൽവച്ചോ ജനിച്ച സമയത്തോ ജനിച്ചതിനുശേഷമോ തലച്ചോറിനുണ്ടാകുന്ന ക്ഷതങ്ങൾ, തലച്ചോറിനെ ബാധിക്കുന്ന ചില രോഗങ്ങൾ ഇവയൊക്കെ പഠനവൈകല്യങ്ങളിലേക്കു കുട്ടിയെ നയിക്കാം. കൂടാതെ, കുട്ടിയുടെ പരിസ്ഥിതിയിലെ രാസവസ്തുക്കളുടെ അമിതസ്വാധീനം, പോഷകാംശത്തിന്റെ കുറവ് എന്നിവയും പഠനവൈകല്യത്തിലേക്കു നയിക്കാം.

## പഠനവൈകല്യങ്ങളുടെ ലക്ഷണങ്ങൾ

പഠനവൈകല്യങ്ങളുടെ പൊതുവായ ലക്ഷണങ്ങൾ ചുവടെ ചേർക്കുന്നു:

1. എഴുതാനും വായിക്കാനുമുള്ള ബുദ്ധിമുട്ട്.
2. ഓർത്തിരിക്കാനുള്ള ബുദ്ധിമുട്ട്.
3. ഗണിതശാസ്ത്രസംബന്ധിയായ വിഷയങ്ങൾ പഠിക്കാനുള്ള ബുദ്ധിമുട്ട്.
4. സമയവുമായി ബന്ധപ്പെട്ടു വ്യക്തതയില്ലായ്മ.
5. കാര്യങ്ങൾ അടുക്കും ചിട്ടയോടുംകൂടി ചെയ്യാൻ കഴിയായ്ക.
6. നിർദേശങ്ങൾ പാലിക്കാനും ശ്രദ്ധയോടെ കാര്യങ്ങൾ ചെയ്യാനും കഴിയായ്ക.
7. വികലമായ ശാരീരികചേഷ്ടകൾ.

മേൽസൂചിപ്പിച്ച ലക്ഷണങ്ങളെ കൂടുതലായി വിശകലനം ചെയ്യുമ്പോൾ പേരുകൾ വായിക്കാൻ പറ്റാതെ വരിക, വളരെ സ്പീഡിൽ വായിക്കുക, വായിക്കേണ്ട വാക്കുകൾക്കു പകരം മറ്റു വാക്കുകൾ വായിക്കുക, വളരെ പതുക്കെ വായിക്കുക, ഗണിതശാസ്ത്രത്തിലെ രൂപങ്ങൾ, സാദൃശ്യങ്ങൾ എന്നിവ മനസ്സിലാക്കാൻ കഴിയാതെ വരിക, എഴുതുമ്പോൾ അക്ഷരങ്ങൾ മാറിപ്പോവുക, എഴുതുന്ന രീതി മാറ്റിയെഴുതുക, എഴുതുമ്പോൾ കൈ ശരിയായ രീതിയിൽ പിടിക്കാതിരിക്കുക എന്നിങ്ങനെ അനേകം പ്രശ്നങ്ങൾ കണ്ടെത്താം.

## പഠനവൈകല്യങ്ങളും പരിഹാരമാർഗങ്ങളും

ലഭ്യമായ കണക്കുകൾപ്രകാരം, ഭാരതത്തിൽ കുട്ടികളിൽ പത്തു ശതമാനത്തിനു പഠനവൈകല്യങ്ങളുണ്ടെന്നു കണ്ടെത്തിയിരിക്കുന്നു. വ്യക്തിപരമായി പഠനവൈകല്യങ്ങൾ ഉണ്ടായിരുന്ന ഒരു കുട്ടിക്കാലമായിരുന്നു എന്റേതും. പതിനേഴു വയസ്സു കഴിഞ്ഞതോടെ എന്റെ പ്രശ്നങ്ങൾക്കു പരിഹാരം ലഭിച്ചുതുടങ്ങി. ഇന്ന് കൗൺസലിങ്ങിനെത്തുന്ന പലരോടും ഞാൻ എന്നെക്കുറിച്ചു പറയാറുണ്ട്. കാരണം, എന്റെ പഠനവൈകല്യങ്ങൾ മാറിയത് സ്വാഭാവികമായിത്തന്നെയാണ്. ഇതു പറയാൻ കാരണം ഒരു വലിയ ശതമാനം മനഃശാസ്ത്ര വിദഗ്ധർ പഠനവൈകല്യങ്ങൾ തനിയെ മാറും എന്നു വിശ്വസിക്കുന്നു. എന്നാൽ, ഇന്ന് പഠനവൈകല്യങ്ങളെ നേരത്തേ കണ്ടെത്തുന്നതിനും ഒരളവിൽ പരിഹാരം നേടുന്നതിനും ശാസ്ത്രീയമാർഗങ്ങളുണ്ട്. അവയിൽ ചിലവ ചുവടെ ചേർക്കുന്നു.

### a. പഞ്ചേന്ദ്രിയങ്ങളെ ഉണർത്തുക

ഈ ഒരു മാർഗത്തിൽ പഠിക്കേണ്ട കാര്യങ്ങൾ ചിത്രം, ശബ്ദം, അനുഭവം, മണം, രുചി എന്നിവയുമായി ബന്ധിപ്പിച്ച് അവരെ പഠിപ്പിക്കുന്നു എന്നതാണ്.

### b. അടിത്തറ ഉറപ്പിക്കൽ പരിശീലനം

ഈ മാർഗത്തിലൂടെ ഉദ്ദേശിക്കുന്നത് കുട്ടികൾക്കു വഴങ്ങാത്ത കാര്യങ്ങളുടെ അടിത്തറ പഠിപ്പിച്ചുകൊടുക്കുക എന്നതാണ്. ഉദാ: എട്ടാം ക്ലാസിൽ പഠിക്കുന്ന കുട്ടിക്ക് ഗണിതശാസ്ത്രവൈദഗ്ധ്യമുണ്ടെങ്കിൽ അവൻ ചെറുക്ലാസുകളിൽ പഠിക്കേണ്ടിവരുന്ന ഗണിതശാസ്ത്രത്തിന്റെ അടിത്തറ ഇപ്പോൾ ഉണ്ടാക്കിക്കൊടുക്കണം.

### c. കൗൺസലിങ്ങും തെറാപ്പികളും

പഠനവൈകല്യമുള്ള കുട്ടികളിൽ പഠനം സുഗമമാകാത്തതിന്റെ പേരിൽ പിരിമുറുക്കം അനുഭവപ്പെടാം. ഇതു നിലവിലുള്ള പ്രശ്നങ്ങൾ വർധിക്കാൻ കാരണമാകും. പഠനവൈകല്യവുമായി ബന്ധപ്പെട്ട് ഉടലെടുത്തിരിക്കുന്ന മറ്റു പ്രശ്നങ്ങളെ പരിഹരിക്കാൻ കൗൺസലിങ്ങിലൂടെ സാധിക്കും. ഒപ്പം, പഠനവൈകല്യമുള്ള കുട്ടിയുടെ മാതാപിതാക്കൾക്കുള്ള ബോധവത്കരണവും മാർഗനിർദേശങ്ങളും നൽകുക എന്ന ചുമതലകൂടി കൗൺസലർ ഏറ്റെടുക്കാറുണ്ട്.

മേൽസൂചിപ്പിച്ചവയ്ക്കൊപ്പം താഴെപ്പറയുന്ന ഘടകങ്ങളും പ്രാവർത്തികമാക്കേണ്ടതാണ്.

a. മാതാപിതാക്കളും ടീച്ചേഴ്സും ഒത്തൊരുമിച്ചുള്ള പ്രവർത്തനം.

b. ഇത്തരം കുട്ടികളെ മനസ്സിലാക്കാൻ ടീച്ചേഴ്സിനെ ഒരുക്കുകയും അവരെ പരിശീലിപ്പിക്കാൻ മാർഗനിർദേശങ്ങൾ നല്കുകയും ചെയ്യുക.

ചുരുക്കത്തിൽ, പഠനവൈകല്യമുള്ള കുട്ടികളെ പരിശീലിപ്പിക്കാൻ മാതാപിതാക്കളുടെയും അധ്യാപകരുടെയും കുട്ടിയുമായി ബന്ധപ്പെടുന്ന ഏവരുടെയും വലിയ സഹകരണം ആവശ്യമാണ്. ഇവിടെ ഓർക്കേണ്ട കാര്യം, പഠനവൈകല്യമുള്ള കുട്ടികളുടെ മാതാപിതാക്കൾ ധൈര്യം കൈവെടിയരുത് എന്നതാണ്. ഇതു സർവസാധാരണമായ ഒരു പ്രശ്നമാകയാൽ അനാവശ്യമായ ആധിയുടെ ആവശ്യമില്ല. പഠനവൈകല്യങ്ങളെ സാധാരണ പ്രശ്നമായിക്കണ്ട് ലോകത്തിലെ വിജയികൾക്കൊക്കെ ഇത്തരത്തിലുള്ളതോ മറ്റേതെങ്കിലും തരത്തിലുള്ളതോ ആയ പ്രശ്നങ്ങൾ കുട്ടിക്കാലത്തുണ്ടായിരുന്നു എന്നു മനസ്സിലാക്കി മുമ്പോട്ടു പോവുക. നിങ്ങളുടെ കുട്ടിക്കും വിജയം ഉറപ്പാണ്.